ഖുത്ബ നമ്പർ

**02**

**11-01-2013**

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്**



# സഹാബാക്കളുടെ സത്യദർശനങ്ങൾ

ഇന്നും ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തെ പ്രാപിച്ച ആ പരിശുദ്ധ സംഘത്തിലെ ചില വ്യക്തികളുടെ സ്വപ്നങ്ങളെയും സംഭവങ്ങളേയും സംബന്ധിച്ച് പരാമർശിക്കുന്നതാണ്. അവർ അവ്വലീംകളുമായി ചേർക്കപ്പെട്ട ആഖരീംങ്ങളിൽ ഉൾപ്പെടുന്നവരാണ്. ഈ സംഭവങ്ങളെല്ലാം തന്നെ പ്രസ്തുത സഹാബാക്കളുടെ ആന്തരീക പരിശുദ്ധിയേയും, അല്ലാഹുവുമായുള്ള ബന്ധത്തേയും, നബി(സ) തിരുമേനിയുമായുള്ള അനുരാഗത്തിന്റെ പ്രകടനത്തേയും വെളിപ്പെടുത്തുന്നതോടൊപ്പം തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുമാണ്.

ആദ്യത്തെ രിവായത്ത് ഡോ. അബ്ദുൽ മജീദ് ഖാൻ സാഹിബിന്റേതാണ്. അദ്ദേഹം പറയുന്നു. ഹുസൂറിന്റെ ചരമത്തിന് ഏതാനും വർഷങ്ങൾക്ക് ശേഷം ഞാൻ സ്വപ്നത്തിൽ, അദ്ദേഹത്തേയും റസൂൽ തിരുമേനി(സ)യേയും ഹദ്റത്ത് ഉമർ(റ)നേയും സ്വന്തം ഭവനത്തിൽ ദർശിക്കുകയുണ്ടായി. ഭവനം രാജസ്ഥാനിലായിരുന്നു. പറയുന്നു. എല്ലാവരേയും വളരെ സന്തോഷഭരിതരായി ഞാൻ കണ്ടു. ഇതാരാണെന്ന് ചോദിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഇത് ഹദ്റത്ത് ഉമർ(റ) ആകുന്നു. രണ്ടാമതും ചോദിച്ചപ്പോൾ പറഞ്ഞു, ഇത് റസൂൽ തിരുമേനി (സ) ആകുന്നു. നിവേദനം ചെയ്യുന്ന വ്യക്തി പറയുന്നു, ഞാൻ എന്റെ ശിരസ്സ് ലജ്ജയാൽ അൽപം താഴ്ത്തിയതിനു ശേഷം വീണ്ടും നോക്കിയപ്പോൾ മൂന്നുപേരും അപ്രത്യക്ഷരായിരുന്നു. രൂപഭാവങ്ങളിൽ റസൂൽ തിരുമേനി(സ)ക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)നും സാമ്യതയുണ്ടായിരുന്നു. അതായത് അദ്ദേഹം റസൂൽ തിരുമേനി(സ)യുടെ പ്രതിരൂപത്തിലായിരിക്കുമെന്നതിന് അല്ലാഹു തെളിവ് നൽകുകയാണ്.

ഹദ്റത്ത് ഗുലാം ഹുസൈൻ സാഹിബ് ഭട്ടി നിവേദനം ചെയ്യുന്നു. പറയുന്നു. ഞാൻ ഫത്തഹ്പൂറിൽ വിദ്യ അഭ്യസിക്കുകയായിരുന്നു. രണ്ട് മൂന്ന് വർഷങ്ങൾക്കു ശേഷം എന്റെ ഒരു ആത്മാർത്ഥനും സത്യസന്ധനും സൽപ്രകൃതക്കാരനുമായ സുഹൃത്ത് ലാൽദീൻ അറായി രാത്രി സ്വപ്നത്തിൽ വന്നു പറഞ്ഞു. ഞാൻ - അതായത് ലാൽദീൻ സാഹിബ്- ജനാബ് ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ സന്നിധിയിൽ ഹാജരായി. സന്നിഹിതനായപ്പോൾ ഞാൻ ഹുസൂറിന് അസ്സലാമു അലൈക്കും സമർപ്പിച്ചു. ഹുസൂർ വഅലൈക്കുമുസ്സലാം എന്ന് പറഞ്ഞുകൊണ്ട് ഉടൻ പറഞ്ഞു, മിയാൻ ലാൽദീൻ എത്തിയോ?

ഞാൻ പറഞ്ഞു. അതെ എത്തിക്കഴിഞ്ഞു. ഹുസൂർ ഒരു സിംഹാസനത്തിൽ ഉപവിഷ്ഠരായിരുന്നു. ആ മഹാത്മാവിന്റെ വലതു ഭാഗത്ത് ഒരു വ്യക്തി കസേരയിൽ ഇരിക്കുന്നുണ്ടായിരുന്നു. മിയാൻ ലാൽദീൻ, നിനക്ക് ഇദ്ദേഹത്തെ മനസ്സിലായോ? ഇത് മഹ്ദിയാകുന്നു. അദ്ദേഹത്തെ തിരിച്ചറിയുക. ഞാൻ പറഞ്ഞു, ജനാബ്, ഞാൻ തിരിച്ചറിഞ്ഞു കഴിഞ്ഞു. മിയാൻ ലാൽദീൻ സാഹിബ് പറയുന്നു. ഞാൻ മഹ്ദിയുടെ ഭാഗത്തേക്ക് നോക്കിയപ്പോൾ അദ്ദേഹത്തിന്റെ വദനത്തിൽ നിന്ന് പ്രകാശത്തിന്റെ കിരണങ്ങൾ പുറപ്പെടുന്നതായി മനസ്സിലാക്കി. അതിനുശേഷം ഞാൻ ഉണർന്നു. ആ സ്വപ്നദർശനത്തിനുശേഷം ഉടൻ തന്നെ അദ്ദേഹത്തിന്റെ പ്രകൃതം അല്ലാഹുവിലേക്ക് ചരിഞ്ഞു. കുട്ടികളോട് നമസ്കാരം തുടങ്ങിയവയ്ക്കായി ഉപദേശിക്കാൻ തുടങ്ങി. പള്ളിയിൽ കൂടുതലായി പോകാൻ തുടങ്ങി. ജനങ്ങൾ അദ്ദേഹത്തിനു ഭ്രാന്താണെന്ന് കരുതി അതിനു ചികിത്സിക്കാൻ തുടങ്ങി. മൗലവി സുൽത്താൻ ഹാമിദ് സാഹിബ് അഹ്മദി മർഹൂം നല്ല കഴിവുള്ള ഒരു വൈദ്യനായിരുന്നു. അദ്ദേഹം ഈ സ്വപ്നം കേട്ടപ്പോൾ ഉടൻ തന്നെ ഖാദിയാനിലേക്ക് പുറപ്പെട്ടു. അന്നേരം മഹ്ദിയുടെ ആഗമനത്തെ സംബന്ധിച്ചുള്ള ചർച്ചകൾ പരസ്യമായിരുന്നു. മൗലവി സാഹിബ് പുറപ്പെട്ടപ്പോൾ മിയാൻ ലാൽദീൻ സാഹിബ് അദ്ദേഹത്തോട് പറഞ്ഞു, ഹദ്റത്ത് സാഹിബിനെ കൊണ്ട് എനിക്ക് വേണ്ടിയും ദുആ ചെയ്യിപ്പിക്കണം. പ്രസ്തുത മൗലവി സാഹിബ് ബൈഅത്ത് ചെയ്ത് മടങ്ങിയെത്തിയപ്പോൾ ലാൽദീൻ അദ്ദേഹത്തോട് ചോദിച്ചു, എനിക്ക് വേണ്ടി ഹദ്റത്ത് സാഹിബിനോട് ദുആക്ക് പറഞ്ഞുവോ? മൗലവി സാഹിബ് പറഞ്ഞു, സഹോദരാ, ഞാൻ മറന്നുപോയി. മിയാൻ ലാൽദീൻ സാഹിബ് പറഞ്ഞു, അതു ശരി, താങ്കൾ ഖാദിയാനിൽ പോയി വന്നു. എന്നാൽ ഞാൻ പോയിട്ടില്ല. താങ്കൾ എന്നിൽ നിന്ന് ഖാദിയാന്റെ അവസ്ഥ ചോദിച്ചുകൊള്ളുക. അതായത് ഞാൻ പോയിട്ടില്ലെങ്കിൽ പോലും സ്വപ്നത്തിൽ കണ്ട കാഴ്ചകൾ എനിക്ക് വിവരിക്കാൻ സാധിക്കുന്നതാണ്. അങ്ങനെ അദ്ദേഹം സ്വപ്നത്തിൽ കണ്ട ഖാദിയാന്റെ രൂപം കൃത്യമായി വിവരിക്കാൻ തുടങ്ങി. മൗലവി സാഹിബ് സ്തബ്ധനായി. നിവേദകൻ പറയുന്നു, മൗലവി സാഹിബിന്റെ സംസാരം കേട്ടുകൊണ്ട് - അതായത് ഖാദിയാന്റെ സംഭവങ്ങളെ കുറിച്ച്- ഞങ്ങൾ മൂന്നുപേർ അതായത് മുൻശി കരം ഇലാഹി ഗർദാവർ, ഗർദാവർ

കൃഷിയിടങ്ങളിലെ വിളവുകളെ അളന്ന് കരം നിശ്ചയിക്കുന്ന ധനവകുപ്പിലെ ഒരു ഉദ്യോഗസ്ഥനാകുന്നു. ഗ്രാമങ്ങളിൽ നിയമിക്കപ്പെടുന്ന ധനവകുപ്പിന്റെ ജോലിക്കാരനേയും ഗറദാവർ എന്നാണ് പറയുന്നത്. പറയുന്നു. മുൻഷി കരം ഇലാഹി സാഹിബ് ഗർദാവരും, മിയാൻ റമദാൻ ദിവാനിയായും, ഞാനും ബൈഅത്തിനുള്ള കത്ത് എഴുതി. -അതിനെ ഞാൻ വിശദമാക്കി തരാം. തർജ്ജമ ചെയ്യുന്നവർ പറയുന്നത് ചില കാര്യങ്ങൾ മനസ്സിലാകാറില്ല എന്നാണ്. പറയുന്നു. അതിനു ഏതാനും മാസങ്ങൾക്ക് ശേഷം മിയാൻ ലാൽദീനും ഞാനും മിയാൻ മുഹമ്മദ് യാറും മുറാദ് ബാഗ്ബാനും ഞങ്ങൾ നാലുപേരും ചേർന്ന് ഖാദിയാനിൽ പോകാൻ തീരുമാനിച്ചു. ഞങ്ങൾ കാൽനടയായി രാത്രി സ്റ്റേഷനിലെത്തി. തലേ രാത്രി എഴുന്നേറ്റ് നഫൽ നമസ്കരിച്ചു. മിയാൻ ലാൽദീൻ രാത്രി സ്വപ്നം കേൾപ്പിച്ചു. ഹദ്റത്ത് സാഹിബ് പറയുന്നു, കഴുതയെ കൊണ്ടു വന്നിട്ടെന്തു പ്രയോജനം? മിയാൻ ലാൽദീൻ സാഹിബ് വീണ്ടും വീണ്ടും പറഞ്ഞു. സഹോദരന്മാരെ, നമ്മളിൽ ആരാണ് കപടവിശ്വാസി?

അതായത് കഴുതയെ കൊണ്ടു വന്നിട്ടെന്തു ഗുണം എന്ന് മസീഹ് മൗഊദ്(അ) പറഞ്ഞതിന്റെ അർത്ഥം നിശ്ചയമായും നമ്മളിലൊരാൾ കപടവിശ്വാസി ആണെന്നാണ്. ഓരോരുത്തരോടും അദ്ദേഹം ചോദിച്ചു. അതായത് നാലു പേരോടും. അപ്പോൾ മുറാദ് ബാഗ്ബാൻ പറഞ്ഞു. ഞാൻ നിങ്ങൾക്ക് വേണ്ടിയാണ് വരുന്നത്. നിങ്ങൾ അവിടെ തങ്ങരുത്. അല്ലെങ്കിൽ ഞാൻ ബൈഅത്ത് ചെയ്യുന്നതല്ല. അങ്ങിനെ തന്നെ സംഭവിക്കുകയും ചെയ്തു. ചുരുക്കത്തിൽ വാഹനത്തിൽ സഞ്ചരിച്ച് ബട്ടാലയിൽ ഇറങ്ങി. ലാൽദീന്റെ മാർഗ്ഗദർശനത്തിൽ ഖാദിയാനിൽ എത്തി. നട്ടുച്ച സമയത്ത് ഞാൻ മുകളിലുള്ള പള്ളിയിൽ പ്രവേശിച്ചു. ഭക്ഷണത്തിന്റെ സമയമായിരുന്നു. മസ്ജിദ് മുബാറക്കിനെ കുറിച്ചാണ് പറയുന്നതെന്ന് തോന്നുന്നു. പറയുന്നു. വസ്ത്രങ്ങളെല്ലാം അവിടെ വെച്ചു. ഭക്ഷണം തയ്യാറാണ്, എല്ലാവരും വരിക എന്ന് ഒരു വ്യക്തി വിളിച്ചു പറഞ്ഞു. അന്നേരം ഞങ്ങൾ പത്ത് പന്ത്രണ്ട് ആളുകളുണ്ടായിരുന്നു. അവർ ഒരുമിച്ചു കൂടി. അവരിൽ നിന്നുള്ള ഒരു വ്യക്തി അദ്ദേഹത്തോട് ചോദിച്ചു. നിങ്ങളുടെ വീട് ഏത് ജില്ലയിലാണ്. മിയാൻ ലാൽദീൻ മറുപടി പറഞ്ഞു. മുൾതാൻ ജില്ലയിൽ. അദ്ദേഹം വീണ്ടും ചോദിച്ചു. ഇങ്ങോട്ട് വരാനുള്ള ആവേശം എങ്ങിനെയാണ് ജനിച്ചത്? മിയാൻ ലാൽദീൻ പ്രസ്തുത സ്വപ്നം മുഴുവനും വിവരിച്ചു. അദ്ദേഹം ചോദിച്ചു. ഇപ്പോൾ നിങ്ങൾ ഹദ്റത്ത് സാഹിബിനെ തിരിച്ചറിയുമോ? അപ്പോൾ ലാൽദീൻ പറഞ്ഞു, ഇൻശാഅല്ലാഹ് നിശ്ചയമായും. അങ്ങിനെ പുതുതായി വരുന്ന ഓരോരുത്തരോടും അവരുടെ ആതിഥേയർ പരീക്ഷിക്കാനായി, ഇതാണോ മസീഹ് മൗഊദ് എന്ന് ചോദിച്ചു കൊണ്ടിരുന്നു. മിയാൻ ലാൽദീൻ സാഹിബ് പറഞ്ഞു, അല്ല ഇതല്ല. ഞാൻ സ്വപ്നത്തിൽ കണ്ടത് മറ്റൊരു വ്യക്തിയെയായിരുന്നു. എന്നാൽ ഹദ്റത്ത് സാഹിബ് ജനാലയിലൂടെ പള്ളിയിലേക്ക് എത്തിനോക്കിയപ്പോൾ മിയാൻ ലാൽദീൻ ഉടൻ തന്നെ പറഞ്ഞു, അത് ഹദ്റത്ത് സാഹിബാകുന്നു. സ്വപ്നത്തിൽ കണ്ട അതേ പ്രകാശം ഞാൻ കാണുന്നു, അപ്പോൾ ആ വ്യക്തി പറഞ്ഞു. നിങ്ങൾ പറഞ്ഞത് ശരിയാണ്.

ഹദ്റത്ത് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, ബാബു മിയാൻ ബഖ്ശ് സാഹിബിനെ കുറിച്ച് പറയുന്നു. രണ്ടുപേരും സഹാബിമാരാണ്. ബാബുമിയാൻ ബഖ്ശ് സാഹിബ് 313 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. അദ്ദേഹം രോഗബാധിതനായി, അദ്ദേഹത്തിന്റെ ചികിത്സയ്ക്കായി ഹദ്റത്ത് സാഹിബിന്റെ സവിധത്തിൽ ഹാജരായി. അവിടെ ഒരു മാസം മുഴുവനും ചികിത്സിച്ചു. അതിനിടയിൽ ഹദ്റത്ത് അഖ്ദസുമായി കൂടിക്കാഴ്ച നടന്നുവന്നു. ഇത് ബയ്അത്തിന് മുമ്പുള്ള സംഭവങ്ങളാണ് പരാമർശിക്കുന്നത്. പറയുന്നു, മൂന്നു രാത്രികളിൽ സ്വപ്നം കണ്ടു. അവസാന രാത്രിയിൽ ഒരു ഭീകര രൂപിയായ മനുഷ്യൻ വാൾ കയ്യിലെടുത്തുകൊണ്ട് ഉടൻ ബയ്അത്ത് ചെയ്യുക എന്ന് പറഞ്ഞ് ഭയപ്പെടുത്തുന്നു. ഏതായാലും അദ്ദേഹം രാവിലെ ബയ്അത്ത് ചെയ്തു. ചികിത്സ പൂർത്തിയാക്കി അവിടെ നിന്ന് മടങ്ങിയതിനു ശേഷവും ഹദ്റത്ത് സാഹിബുമായി കത്തുകളിലൂടെ ബന്ധപ്പെട്ടു കൊണ്ടിരുന്നു.

ഹദ്റത്ത് മിയാൻ സോനേ ഖാൻ സാഹിബ് പറയുന്നു: എന്റെ വീട്ടിൽ ഒരു എരുമയുണ്ടായിരുന്നു. അത് പ്രസവിച്ചു. ആദ്യദിവസത്തെ പാല് കൊണ്ട് പായസം ഉണ്ടാക്കി സയ്യിദായ ഫത്തഹ് അലി ശാഹിന്റെ മഖ്ബറയിൽ നേർച്ച ചെയ്യുന്ന ആചാരം ഞങ്ങളുടെ ഗ്രാമത്തിലുണ്ടായിരുന്നു.- പീർ ഫഖീർമാരുടെ അവസ്ഥ ഇതാണ്.- പറയുന്നു : എന്റെ ഭാര്യയും പായസമുണ്ടാക്കി എന്റെ പിതാവിനേയും പിതൃസഹോദരനെയും ഭക്ഷണത്തിനായി ക്ഷണിച്ചു. ഞങ്ങൾ കഴിക്കില്ല, നിങ്ങൾ കാഫിറായിരിക്കുന്നു എന്നവർ മറുപടി പറഞ്ഞു. അതായത് സോനേഖാൻ സാഹിബ് ബയ്അത്ത് ചെയ്തിരുന്നു. അങ്ങിനെ കാഫിറായ കാരണത്താൽ അദ്ദേഹത്തെ വീട്ടിലെ മൃഗത്തിന്റെ പായസം ഞങ്ങൾ കഴിക്കില്ല. എന്റെ ഭാര്യ എന്നോട് പറഞ്ഞു. ഞാൻ പായസം ഉണ്ടാക്കി ക്ഷണിച്ചപ്പോൾ ഞങ്ങൾ കഴിക്കില്ല, നിങ്ങൾ കാഫിറായി എന്ന് മറുപടി പറഞ്ഞു. അന്ന് പുറത്തെവിടെ നിന്നോ ഒരു വൈദ്യൻ വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം ഞങ്ങളുടെ പിതൃസഹോദരന്റെ മിത്രവുമായിരുന്നു. ഞങ്ങളെ കാണാൻ വന്നപ്പോൾ ഞാൻ പായസം പാത്രത്തിലാക്കി ആ വൈദ്യന്റെ മുന്നിൽ വെച്ചു. അദ്ദേഹം ഖത്തം ഓതി കഴിച്ചു, അതായത് ദു:ആ ചൊല്ലികൊണ്ടത് ഭക്ഷിച്ചു.

ഹക്കീം സാഹിബ് എന്നോട് ചോദിച്ചു, നിങ്ങളെ എന്താണ് പഠിപ്പിച്ചത്? അതായത് ബയ്അത്തിനു ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്താണ് പഠിപ്പിച്ചത്? ഞാൻ പറഞ്ഞു, അഞ്ചുനേരം നമസ്കരിക്കുക, സ്വലാത്ത് ചൊല്ലുക, എന്നെ സത്യമഹ്ദിയായി അംഗീകരിക്കുക. ഈ കാര്യങ്ങളാണ് പറഞ്ഞുതന്നത്, വൈദ്യൻ പറഞ്ഞു, ഏത് സ്വലാത്ത് ചൊല്ലുന്നത് കൊണ്ട്, ഏത് ഖുർആൻ വചനം ഉരുവിടുന്നത് കൊണ്ട് റസൂൽ തിരുമേനി(സ) യുടെ ദർശനം സാധ്യമാകുന്നു, ഏത് സ്വലാത്തിനേയാണ് നിങ്ങൾ അനുവർത്തിക്കുന്നത് എന്ന് അദ്ദേഹത്തോട് ചോദിക്കണമായിരുന്നു. ഞാൻ അന്ന് തന്നെ ഹദ്റത്ത് സാഹിബിന് കത്തെഴുതി. ഹക്കീം സാഹിബ് ചോദിച്ച ചോദ്യങ്ങൾ അതിൽ എഴുതി. പറയുന്നു. ഞാൻ ചിശ്തി കക്ഷിയുടെ സേവകനായിരുന്നു. അതായത് അല്ലാഹ് അല്ലാഹ് എന്നതിനേയും ലാഇലാഹ ഇല്ലല്ലാഹ് എന്നതിനേയും

ദിക്റുകളുടെ രാജാവ് എന്ന് പറയുന്ന ചിശ്തികക്ഷിയിൽ. എനിക്കറിയാവുന്ന തരത്തിൽ ഞാൻ ദിക്റ് ചൊല്ലുമായിരുന്നു. അത് കൂടാതെ എന്റെ അറിവിലുള്ള മറ്റ് ദിക്റുകളും ഞാൻ എഴുതി. എല്ലാ ദിക്റുകളും എഴുതി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് അയച്ചു. ഹദ്റത്ത് സാഹിബ് അതിന് നൽകിയ മറുപടി ഇപ്രകാരമായിരുന്നു. എന്റെ കാലഘട്ടം ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ആരംഭകാലഘട്ടമാകുന്നു. അതായത് നബിതിരുമേനി(സ) യുടെ കാലഘട്ടമാണ് എന്റെ കാലഘട്ടം. നിങ്ങളെഴുതിയ എല്ലാ ദിക്റുകളും വ്യർത്ഥമാണ്. ഇക്കാലഘട്ടത്തിൽ ഇത് സ്വാധീനം ചെലുത്തുന്നതല്ല. എന്റെ ദിക്റ് നബി തിരുമേനി(സ)യുടെ ദിക്റാകുന്നു. അതായത് സൂറ ഫാത്തിഹ ഓതുക, സ്വലാത്ത് ചൊല്ലുക, ധാരാളം ഇസ്തിഗ്ഫാർ ചെയ്യുക, ലാഹൗൽ ചൊല്ലുക. ഇതാണ് അനുഗ്രഹദായകം. ഇത് ഗുണം ചെയ്യും. ഹദീസിൽ വന്നിട്ടുള്ള എല്ലാ സ്വലാത്തിനെയും ഞാൻ അനുവർത്തിക്കുന്നു. അതിൽ ഞാൻ വിശ്വസിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതുന്നു. റസൂലിനെ ദർശിക്കണം എന്ന അഭിലാഷമുണ്ടെങ്കിൽ സ്വലാത്ത് ചൊല്ലുമ്പോൾ റസൂലിനോടുള്ള അനുരക്തി ഹൃദയത്തിൽ സ്ഥാപിക്കുക, മറ്റുള്ള ഇഷ്ടങ്ങളെ ഉപേക്ഷിക്കുക എന്നതാണ് നിബന്ധന. അതായത് മറ്റെല്ലാ ഇഷ്ടങ്ങളേയും ഉപേക്ഷിച്ച് റസൂൽ തിരുമേനി(സ)യോടുള്ള സ്നേഹത്തെ ഹൃദയത്തിൽ പതിപ്പിക്കുക. പറയുന്നു. ഞാൻ സ്വലാത്ത് മുതലായവ ചൊല്ലാൻ തുടങ്ങി. ഹസാറ സ്വലാത്ത് ചൊല്ലാൻ തുടങ്ങി. തഹജ്ജുദിന്റെ സമയത്ത് 1000 തവണ സ്വലാത്ത് ചൊല്ലുന്നതിനെയാണ് ഹസാറ സ്വലാത്ത് എന്ന് പറയുന്നത്.. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ എന്നതിനു ശേഷം അവർ ചില വാക്കുകൾ കൂട്ടിചേർക്കുന്നു. ഏതായാലും അതിനെ ഹസാറ സ്വലാത്ത് എന്നാണ് പറയുന്നത്. അദ്ദേഹം നവ അഹ്മദിയായിരുന്നു. പറയുന്നു. ഞാൻ ഈ സ്വലാത്ത് ചൊല്ലാൻ തുടങ്ങി. പൊതുവിൽ പറയപ്പെടുന്നത് അത് ചൊല്ലുകയാണെങ്കിൽ നബി(സ)യുടെ ദർശനം ലഭിക്കും എന്നാണ്. പറയുന്നു. ഞാനത് ചൊല്ലാൻ തുടങ്ങി. അൽപ ദിനങ്ങൾക്കു ശേഷം കശ്ഫിൽ അദ്ദേഹവും മിർസാ സാഹിബും ലോകത്ത് ആഗതനായിക്കൊണ്ട് എന്റെ കയ്യ് പിടിച്ച് കൂടെ കൊണ്ടുപോയി മുഹമ്മദ് നബി(സ)യുടെ സവിധത്തിൽ എത്തിച്ചതായി കണ്ടു. അവിടെ ആളുകൾ വരിവരിയായി നിൽക്കുന്നുണ്ടായിരുന്നു. പ്രപഞ്ചനേതാവ് സിംഹാസനത്തിൽ ഉപവിഷ്ഠനായിരുന്നു. പിന്നിലെ വരിയിലാണ് ഞങ്ങൾക്ക് ഇടം ലഭിച്ചത്. ജനാബ് മീർസാ സാഹിബ് ഉച്ചത്തിൽ പറഞ്ഞു; അല്ലയോ പ്രപഞ്ചനേതാവായ മുഹമ്മദ് റസൂലുല്ലാഹ് (സ)! ഞങ്ങൾ സോനേഖാൻ സാഹിബിന് വേണ്ടി നല്ല സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ട്. ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ് (സ) പറഞ്ഞു, സോനേ ഖാൻ സാഹിബിന് വേണ്ടി ചെയ്ത സംവിധാനങ്ങൾക്ക് നാം അനുമതി നൽകുന്നു. കോടതിയിൽ സന്നിഹിതനാകുക. അതായത് ഇവിടെ ഇരിക്കുക. സ്വപ്നമാണ് വിവരിക്കുന്നത്. പറയുന്നു, ഞാൻ ചില സ്വാതികരേയും ദർശിച്ചു. മിർസാ സാഹിബ് അനുമതി വാങ്ങിക്കൊണ്ട് എന്നെ തിരിച്ചുകൊണ്ട് വന്നു. അതായത് ആ സദസ്സിൽ നിന്ന്. എന്നെ വീട്ടിൽ എത്തിക്കുകയും ചെയ്തു. കഴിഞ്ഞുകടന്നു പോയ സാത്വികരായ, സത്യസന്ധരായ വലിയുല്ലാമാരിൽ ആത്മീയ സ്വപ്നത്തിൽ ബയ്അത്ത് ചെയ്ത ഹദ്റത്തുൽ മിരാൻജി സയ്യദ് ബൻ ശരീഫ് പറയുന്നു, മിർസാ സാഹിബിന്റേയും എന്റേയും ഒരേ രൂപമാണ്. അദ്ദേഹവും മഹ്ദി നാമും മഹ്ദി.

സുൽത്താൻ റിയാസ് കപൂർത്തല എന്ന വ്യക്തി സ്വപ്നത്തിൽ കണ്ടു. അദ്ദേഹം ഒരു പരിപൂർണ്ണ സാത്വികനായിരുന്നു. പറഞ്ഞു, അദ്ദേഹം മഹ്ദിയാണ്, ഈസയാണ്. അദ്ദേഹത്തിന്റേയും നമ്മുടേയും ഒരേ രൂപമാണ്. അദ്ദേഹം തന്റെ സ്വപ്നമാണ് വിവരിക്കുന്നത്, തുടർന്ന് പറയുന്നു. കറംദീനുമായി മിർസാസാഹിബിന്റെ കേസ് നടന്നപ്പോൾ അദ്ദേഹം വസിച്ചിരുന്ന ഗ്രാമത്തിൽ അഹ്മദികൾ ആരും ഉണ്ടായിരുന്നില്ല. മിർസാ സാഹിബിന് ഈ കേസിൽ ജയിൽവാസം ഉണ്ടാകുമെന്ന് എല്ലാവരും പറയാൻ തുടങ്ങി. അന്നേരം ദു:ഖഭാരത്താൽ മിയാൻ ഹബീബുർറഹ്മാൻ ഹാജിപൂർവാലയുടെ അടുത്തെത്തി. ഹബീബുർ റഹ്മാൻ സാഹിബ് പറഞ്ഞു, ഭയപ്പെടേണ്ട, സ്വലാത്ത് ചൊല്ലി ദു:ആ ചെയ്യുക. ഞാൻ ധാരാളമായി സ്വലാത്തും അൽഹംദുവും ഉരുവിട്ടു ദു:ആ ചെയ്തുകൊണ്ടിരുന്നു. ഏതാനും ദിവസങ്ങൾക്ക് ശേഷം സ്വപ്നത്തിൽ ഒരു വ്യക്തി ഏഴു റുമാലിൽ പൊതിഞ്ഞ ഒരു ആൺകുട്ടിയുടെ ജഢവുമായി വന്നു. എന്നിട്ട് എന്റെ അടുത്ത് വെച്ചു. ഞാനയാളോട് ചോദിച്ചു, ഇതെന്താണ് ? അയാൾ പറഞ്ഞു. നോക്കുക. ഞാനതിന്റെ റുമാൽ അഴിക്കാൻ തുടങ്ങി. ആറാമത്തെ റുമാൽ - അതായത് തുണി - ആ ജഢത്തിൽ നിന്നഴിച്ചപ്പോൾ ഞാൻ പറഞ്ഞു ഇതിന് കുരങ്ങന്റെ രൂപമാണ്. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) നെതിരിൽ കേസു നടത്തിയ ആളുടെ രൂപം. ഞാനവിടെ ഇരിക്കുകയായിരുന്നു.- സ്വപ്നത്തിൽ - ആ ജഢത്തെ താഴേക്ക് വീഴ്ത്തി. പറയുന്നു, പിന്നീട് ഞാനീ സ്വപ്നം മിർസാ സാഹിബിന് എഴുതി അയച്ചു. ഹുസൂർ പറഞ്ഞു. അപ്രകാരം അതിന്റെ മറ നീങ്ങുന്നതാണ്. അങ്ങിനെ ആ മറ നീങ്ങുകയുണ്ടായി.

ഡോക്ടർ അബ്ദുൽ ഗനി സാഹിബ് കഡക് അഞ്ചാമെ ആഥം വായിച്ചതിനു ശേഷമുള്ള അവസ്ഥയെ പരാമർശിച്ചുകൊണ്ട് പറയുന്നു. ഞാനിപ്പോൾ ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി, നമസ്കരിക്കാനും തുടങ്ങി. എനിക്കിതിന്റെ ശീലമില്ലായിരുന്നു. ആയിടക്ക് ഞാനൊരു സ്വപ്നം കണ്ടു. മുന്നിലായി മിനാരമുള്ള ഒരു സ്ഥലത്ത് ഞാൻ നിൽക്കുകയാണ്. മിനാരത്തിനോട് ചേർന്ന് ഒരു വാതിലുമുണ്ട്. അത് പഴയ കാലഘട്ടത്തിലെ ഫാഷനിലുള്ള പലക കൊണ്ടുള്ള വാതിലാണ്. ആ വാതിൽ തുറന്ന് ഞാൻ അകത്തു കടക്കാൻ അഗ്രഹിക്കുന്നു. എന്നാൽ അത് തുറയുന്നില്ല. ഞാൻ ശക്തിയായി തള്ളി നോക്കി. അപ്പോൾ വാതിൽ തുറന്നതിനോടൊപ്പം ഞാനും അകത്തെത്തി എന്നെനിക്ക് തോന്നി. എന്നാൽ വീണില്ല. അവിടെ ഉദ്യാനങ്ങൾ മാത്രമാണ് എനിക്ക് കാണാൻ കഴിഞ്ഞത്. അതായത് വലിയ വലിയ ഉദ്യാനങ്ങൾ. അവിടെ പൂക്കളുണ്ട്, വലിയ വലിയ ചെടികളുണ്ട്. അതിലൂടെയെല്ലാം കടന്നപ്പോൾ വണ്ടി ലാഹോറിലേക്ക് പോകാൻ തയ്യാറായി നിൽക്കുന്നതായി എനിക്ക് തോന്നി. എന്നാൽ എന്റെ കയ്യിൽ ടിക്കറ്റില്ല. സ്വപ്നത്തിൽ വിവരിക്കുകയാണ്. അന്നേരം

എനിക്ക് ഡ്രൈവറായി തോന്നിച്ച ഇരു നിറമുള്ള ഒരു വ്യക്തി എന്നോട് പറയുന്നു, ടിക്കറ്റില്ലെങ്കിൽ ഒരു കുഴപ്പവുമില്ല. നിങ്ങൾ ട്രെയിനിന്റെ കമ്പിയിൽ പിടിച്ച് തൂങ്ങി കൊള്ളുക. എന്നാൽ ഉറങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിക്കണം. അങ്ങിനെ ഞാൻ ആ കമ്പികളിൽ പിടിച്ചു. അപ്പോൾ എനിക്ക് ഉറക്കം വരുന്നതായി തോന്നി. അന്നേരം ഞാൻ കമ്പിയിലും പിടിച്ചിരുന്നു, അതോടൊപ്പം ഉറങ്ങാതിരിക്കാനായി മുഷ്ടികൊണ്ട് കണ്ണ് തിരുമ്മുന്നുമുണ്ടായിരുന്നു. പറയുന്നു, അന്നേരം ഞാൻ ഉണർന്നു. ഞാനീ സ്വപ്നം മുഹമ്മദ് അമീൻ സാഹിബിനോട് പറഞ്ഞു, അദ്ദേഹം പറഞ്ഞു നിങ്ങളിൽ സത്യം വെളിപ്പെട്ടിരിക്കുന്നു. ബയ്അത്ത് ചെയ്യുക. അദ്ദേഹം അഹ്മദിയായിരുന്നു. ഞാൻ പറഞ്ഞു. ഖാദിയാനിൽ പോയി ബയ്അത്ത് ചെയ്തോളാം. അദ്ദേഹം പറഞ്ഞു, ജീവിതത്തിന് യാതൊരു ഉറപ്പുമില്ല. അദ്ദേഹം സ്വന്തം പോക്കറ്റിൽ നിന്ന് ഒരു കാർഡെടുത്ത് എനിക്ക് തന്നുകൊണ്ട് പറഞ്ഞു. ഇപ്പോൾ തന്നെ എഴുതുക. അങ്ങിനെ ഞാൻ ബയ്അത്തിനുള്ള കത്തെഴുതി. മുഹമ്മദ് അമീൻ സാഹിബ് അത് പോസ്റ്റ് ചെയ്യാനായി പോയി. ഇത് 1907 ലെ സംഭവമാണ്. അതിന്റെ രണ്ടോ മൂന്നോ ദിവസത്തിന് ശേഷം എനിക്ക് മറുപടി ലഭിച്ചു. ബയ്അത്ത് ഹദ്റത് അഖ്ദസ് അംഗീകരിച്ചിരിക്കുന്നു. അല്ലാഹു സ്ഥൈര്യം നൽകട്ടെ എന്നും എഴുതിയിരുന്നു. അതോടൊപ്പം നമസ്കാരം കൃത്യനിഷ്ഠതയോടെ അനുഷ്ഠിക്കുക എന്നും സ്വലാത്ത് ചൊല്ലുക എന്നും എഴുതിയിരുന്നു.

മിയാൻ ശറാഫത്ത് അഹ്മദ് സാഹിബ് പിതാവ് ഹദ്റത് മൗലവി ജലാലുദ്ദീൻ സാഹിബ് മർഹൂം (റ) നെ സംബന്ധിച്ച് എഴുതുന്നു. ബയ്അത്തിന് മുമ്പും പിതാവിന് വെളിപാടുകൾ ഉണ്ടാകുമായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചതിന് ശേഷം ഇത് വളരെയധികം വർദ്ധിച്ചു. അഹ്മദിയ്യത്തിന്റെ ഫലമായി അദ്ദേഹത്തിന് അല്ലാഹുവിന്റെ ദർശനവും കരസ്ഥമായി. ഹദ്റത് റസൂൽ തിരുമേനി (സ) യുടെ ദർശനവും പലവട്ടം ഉണ്ടായി. ഹദ്റത് ഉമർ (റ) ന്റെയും മറ്റ് സാത്വികരുടെയും ദർശനം സമയാസമയങ്ങളിൽ ഉണ്ടായിക്കൊണ്ടിരുന്നു. തന്റെ പിതാവിനെ സംബന്ധിച്ച് എഴുതുന്നു, ഒരിക്കൽ ദാറു റഹ്മത്ത് മുഹല്ലയിലെ പള്ളിയിൽ വെച്ച് കുറച്ച് സുഹൃത്തുകൾക്ക് സ്വപ്നം കേൾപ്പിച്ചു. അതിൽ ഒരു വ്യക്തി ജനാബ് മാസ്റ്റർ അല്ലാദത്ത് സാഹിബ് മർഹൂം ഗുജറാത്തിയായിരുന്നു. പറയുന്നു. മസീഹ് മൗഊദ്(അ)ന്റെ ഒരു സഹാബിയുണ്ടായിരുന്നു. അദ്ദേഹത്തിന് നിത്യവും നബി തിരുമേനി (സ) യുടെ ദർശനം ലഭിക്കുമായിരുന്നു. പ്രഭാതത്തിൽ ആ ദർശനം അദ്ദേഹം ഹുസൂറിന് കേൾപ്പിക്കുമായിരുന്നു. അതായത് നിത്യവും നബി (സ) യെ കാണുകയും ആ ദർശനം, സ്വപ്നം, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. ഹുസൂർ അതിൽ സ്വന്തം പേനകൊണ്ട് ഇത് ശരിയാണ് എന്ന് എഴുതുമായിരുന്നു. പിതാവ് പറയുന്നു, എന്റെ ഹൃദയത്തിൽ പിശാച് ആശയക്കുഴപ്പം ഉണ്ടാക്കി. ഇത് തെറ്റാണ്. എങ്ങിനെയാണ് നിത്യവും ദർശനമുണ്ടാകുക. പറയുന്നു, ഈ ആശയക്കുഴപ്പം ശക്തി പ്രാപിക്കാറായപ്പോൾ അല്ലാഹു തന്റെ അനുഗ്രഹത്താൽ എന്നെ തുണച്ചു, എന്നെ നാശത്തിൽ നിന്ന് രക്ഷിച്ചു. എങ്ങിനെയാണ് രക്ഷിച്ചത്? പറയുന്നു, ഞാൻ സ്വയം എന്നെ ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ സദസ്സിൽ കാണുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അവിടെ ഇരിക്കുന്നുണ്ട്. സദസ്യരിൽ നിന്ന് ആരോ ചോദിച്ചു, ഹുസൂർ, മക്കയെ സംബന്ധിച്ച് വന്നിരിക്കുന്നത് **മൻ ദഖലഹു കാന ആമിനൻ** ആരാണോ അതിൽ പ്രവേശിച്ചത് സമാധാനത്തിലായി എന്നാണല്ലോ? എന്നാൽ മക്ക നബിതിരുമേനി (സ) യ്ക്കായി സമാധാന ഗേഹമായില്ല. നബി (സ) ക്ക് മദീനയിൽ പോയി അഭയം തേടേണ്ടി വന്നു. ഇതിനു മറുപടിയായി ഹദ്റത്ത് റസൂൽ തിരുമേനി (സ) പറഞ്ഞു. -സ്വപ്നമാണ് വിവരിക്കുന്നത് - മക്കയെ ആർക്കും ജയിച്ചടക്കാൻ കഴിയില്ല എന്നും വന്നിട്ടുണ്ട്. എന്നാൽ ഞാനതിനെ ജയിച്ചടക്കുകയും ചെയ്തു. എന്നെ അവിടെ നിന്ന് പുറത്താക്കിയ കാരണത്താൽ എനിക്കായി അതിനെ ജയിച്ചടക്കാൻ നിമിത്തമായി. പിന്നെയും സ്വപ്നത്തിന്റെ അൽപം ഭാഗങ്ങൾ വിശദീകരിക്കുന്നുണ്ട്. എന്നാൽ പറയുന്നു. ചില കാരണത്താൽ മുഴുവനും ഓർത്തുവെക്കാൻ സാധിച്ചില്ല. മറന്നുപോയി. പറയുന്നു. അതിന് ശേഷം പിതാവ് പറഞ്ഞു. ആ സ്വപ്നത്തിന് ശേഷം ഞാനുണർന്നു. തഹജ്ജുദിന്റെ സമയമായിരുന്നു. തഹജ്ജുദ് നമസ്കരിച്ചു. പള്ളിയിലേക്ക് പോയി, രാവിലെ അതേ സുഹൃത്ത് വീണ്ടും വന്നു. അദ്ദേഹം കോപ്പിയിലെഴുതിയിരുന്ന രാത്രിയിലെ സംഭവങ്ങൾ ഹുസൂറിന്റെ മുന്നിൽ വെച്ചു. ഹുസൂർ വീണ്ടും അതിനെ സ്വന്തം പേനകൊണ്ട് സാക്ഷ്യപ്പെടുത്തി. ഞാനത് വായിച്ചു. അത് ഞാൻ പറഞ്ഞ അതേ സ്വപ്നമായിരുന്നു. അതായത് ഞാൻ പറഞ്ഞ അതേ ചോദ്യോത്തരങ്ങൾ തന്നെയായിരുന്നു. ഇദ്ദേഹം കണ്ട സ്വപ്നമായിരുന്നു അദ്ദേഹവും കണ്ടത്. പറയുന്നു. അങ്ങിനെ അല്ലാഹു ആ സമയത്ത് എന്നെ സഹായിച്ചു. എന്നെ നാശത്തിൽ നിന്നും രക്ഷപ്പെടുത്തി. പറയപ്പെടുന്ന ഈ സ്വപ്നങ്ങളെല്ലാം സത്യസ്വപ്നങ്ങൾ തന്നെയാണ്.

മൗലവി ഫള്ലെ ഇലാഹി സാഹിബ് പറയുന്നു. 1892 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്. വിനീതൻ അമൃത്സറിൽ ജനാബ് ഖാദി സയ്യിദ് അമീർ ഹുസൈൻ സാഹിബിന്റെ അടുക്കൽ വന്നപ്പോഴാണ് അഹ്മദിയ്യത്തിനെ കുറിച്ച് അറിവ് ലഭിച്ചത്. വിനീതൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യത്തിനായി റമദാൻ മാസത്തിലെ അവസാന പത്തിൽ ഇഅ്തികാഫിന്റെ ദിവസങ്ങളിൽ വളരെയധികം ഇസ്തിഖാറ ദു:ആ ചെയ്തു. ദു:ആയിൽ ഇങ്ങിനെ അപേക്ഷിച്ചു. എന്റെ നാഥാ! ഞാനിപ്പോഴുള്ള അവസ്ഥയാണോ സത്യം, അതോ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാദമാണോ സത്യം എന്ന് എനിക്ക് അറിയിച്ച് തരിക. അപ്പോൾ എനിക്ക് കാണിച്ചു തരികയുണ്ടായി. ഞാൻ നമസ്കരിക്കുകയാണ്. എന്നാൽ മുഖം ഖിബ്‌ലയുടെ നേർക്കല്ല. ഗ്രഹണത്താൽ സൂര്യപ്രകാശം വളരെ കുറവാണ്. ഇത് എന്റെ ഇപ്പോഴത്തെ അവസ്ഥയെകുറിച്ചാണെന്ന് മനസ്സിലായി. അടുത്ത ദിവസം ഇശാ നമസ്കാരത്തിനു ശേഷം വീണ്ടും വീണ്ടും കരഞ്ഞ് ദു:ആ ചെയ്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വപ്നത്തിൽ പറഞ്ഞു. യഥാർത്ഥ ദു:ആയുടെ സമയം അർദ്ധരാത്രിക്ക് ശേഷമാണ്. എപ്രകാരം കുട്ടി കരയുമ്പോൾ മാതാവിന്റെ സ്തനങ്ങളിൽ പാൽ വരുന്നുവോ അപ്രകാരം രാത്രിയുടെ അവസാനയാമത്തിൽ അല്ലാഹുവിന്റെ പക്കൽ

വിലപിച്ചാൽ അല്ലാഹുവിന്റെ കാരുണ്യം അടുത്ത് വരുന്നു. അതിന് ശേഷം വിനീതൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദാസത്വം സ്വീകരിച്ചു. പറയുന്നു. തുടർന്ന് ഹുസൂറിന്റെ പരിശുദ്ധ സഹവാസത്താൽ ഉണ്ടായ ഒരു ഗുണം, ഒരിക്കൽ വിനീതൻ തഹജ്ജുദ് നമസ്കാരത്തിലെ സുജൂദിൽ ദു:ആ ചെയ്യുകയായിരുന്നു. അപ്പോൾ മയക്കം വന്നു. അതിൽ ദർശനം ലഭിച്ചു. ഒരു പരിശുദ്ധ രൂപമുള്ള മലക്ക് എന്റെ അടുക്കൽ വന്നു. അതിന്റെ കയ്യിൽ മനോഹരമായ ഒരു വെളുത്ത വെള്ളത്തിന്റെ കൂജയുണ്ടായിരുന്നു. ഒരു കയ്യിൽ മനോഹരമായ കത്തിയുമുണ്ടായിരുന്നു. എന്നോട് പറഞ്ഞു, നിന്റെ ആന്തരിക ശുദ്ധീകരണത്തിനായിട്ടാണ് ഞാൻ വന്നിട്ടുള്ളത്. അപ്പോൾ ഞാൻ പറഞ്ഞു. നല്ലത്. ഉദ്ദേശിക്കുന്ന രീതിയിൽ താങ്കൾ ശുദ്ധിയാക്കികൊള്ളുക. അങ്ങിനെ അദ്ദേഹം ആദ്യം കത്തികൊണ്ട് എന്റെ നെഞ്ച് പിളർന്ന് ആ കൂജയിലെ ശുദ്ധമായ വെള്ളം കൊണ്ട് നല്ലപോലെ വൃത്തിയാക്കി. എന്നാൽ എനിക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. ഒരു ഭയവും ഉണ്ടായില്ല. അദ്ദേഹം പോയപ്പോൾ സുബ്ഹി നമസ്കാരം അനുഷ്ഠിക്കണമെന്ന് തോന്നി. എന്നാൽ മുഴുവൻ ശരീരവും കീറിമുറിച്ചിരിക്കുകയാണ്. നമസ്കാരം എങ്ങിനെ അനുഷ്ഠിക്കും? അതിനാൽ കൈകാലുകൾ ചലിപ്പിക്കാൻ തുടങ്ങി. അപ്പോൾ യാതൊരു പ്രയാസവും അനുഭവപ്പെട്ടില്ല. അന്നേരം ഉണരുകയുണ്ടായി. അതിനു ശേഷം സുബ്ഹി നമസ്കാരം അനുഷ്ഠിച്ചു.

ഹദ്റത്ത് മിയാൻ ജാൻ മുഹമ്മദ് സാഹിബ് നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ചെറുപ്പം മുതലേ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ഒരിക്കലും എതിർത്തിട്ടില്ല. കാര്യങ്ങളെല്ലാം കേട്ടിട്ടു പോലും. 15,16 വയസ്സുള്ള സമയത്ത് ഞാൻ എന്റെ മർഹൂം പിതാവിന്റെ കൂടെ മുൽതാൻ കാന്റിൽ വന്നതായിരുന്നു. കാരണം എന്റെ പിതാവ് ഒരു സേഠിന്റെ അടുത്ത് മുൻശിയായി നിയമിതനായിരുന്നു. ഞാനന്ന് ബാരക്കാഡ് നഴ്സറിയിൽ നാല് അണ ദിവസക്കൂലിക്ക് ജോലി ചെയ്യുകയായിരുന്നു. മാൽസത്രി കേന്റിന്റെ ബാരക്സിനെ കുറിച്ചാണ് പറയുന്നതെന്ന് തോന്നുന്നു. യാദൃശ്ചികമായി മുൽതാനിൽ ഈദ് റമദാൻ വന്നു. പരിശുദ്ധ റമദാനിലെ നോമ്പെടുത്തു. ഈദുൽ ഫിത്വർ നമസ്കരിച്ച് കുറച്ച് നടന്നു. അസറിന് ശേഷം എനിക്ക് ഉറക്കം വന്നു. ഞാൻ കട്ടിലിൽ കിടന്നുറങ്ങി. ചൂടുകാലമായിരുന്നതിനാൽ അസറിന് ശേഷം മുതൽ രാവിലെ വരെ ഉറങ്ങി. സഹ്രിയുടെ സമയത്ത് ഞാൻ സ്വപ്നം കണ്ടു. അതിപ്രകാരമാണ്. പെരുന്നാൾ ദിവസം ഞാൻ എന്റെ ഗ്രാമമായ ഹേലയിൽ എത്തിയിരിക്കുകയാണ്. ഞങ്ങളെല്ലാവരും ചേർന്ന് പിതാവിനോടൊപ്പം ഈദ്ഗാഹിൽ നമസ്കാരത്തിനായി പോകുന്നു. എന്നാൽ ഞങ്ങളുടെ ഗ്രാമത്തിലെ ഈദ് ഗാഹ് ഗ്രാമത്തിന്റെ പടിഞ്ഞാറ് ഭാഗത്താണ്. സ്വപ്നത്തിൽ എനിക്ക് കാണിച്ചു തന്ന ഈദ് ഗാഹ് കിഴക്ക് ഭാഗത്താണ്. പറയുന്നു. അങ്ങിനെ ഞങ്ങൾ കിഴക്ക് ഭാഗത്തേക്ക് നടന്നു. നമസ്കരിച്ച് വീട്ടിലേക്ക് മടങ്ങിയപ്പോൾ വഴിയിൽ ഒരു മൺകൂനയുണ്ടായിരുന്നു. അതിൽ മനോഹരമായ ഒരു സമചതുര കല്ലുണ്ടായിരുന്നു. ഞാനതിൽ ഇരുന്നു. അതിനെ ഒരു ഭാഗത്തേക്ക് നീക്കാൻ ഞാനാഗ്രഹിച്ചു. എന്നാൽ ഭാരം കാരണത്താൽ ആദ്യ തവണ എനിക്ക് മാറ്റാൻ കഴിഞ്ഞില്ല പിന്നീട് അല്ലാഹുവിന്റെ പേര് പറഞ്ഞ് ബിസ്മില്ലാ പറഞ്ഞ് ഞാൻ ശക്തി പ്രയോഗിച്ചപ്പോൾ ആ കല്ല് ഒരു ഭാഗത്തേക്ക് നീങ്ങി. അതിന് കീഴിൽ ഒരു വാതിൽ പ്രത്യക്ഷപ്പെട്ടു. അത് അടച്ചിരിക്കുകയായിരുന്നു. വാതിൽ തുറന്നപ്പോൾ അകത്തേക്ക് ഒരു വരാന്ത കണ്ടു. അങ്ങിനെ ഞാൻ അതിൽ പ്രവേശിച്ചു. അവിടെ 3,4 ഉത്തമവും മനോഹരമായ ചെരിപ്പുകൾ കണ്ടു. ഞാനും എന്റെ ചെരിപ്പവിടെ അഴിച്ചു വെച്ചു. എന്റെ പുതിയ ചെരിപ്പ് അതോടൊപ്പം വെച്ചു. പിന്നീട് ഞാൻ അകത്തേക്ക് പ്രവേശിച്ചു. അവിടെ വളരെ മനോഹരമായി അലങ്കരിച്ചിരിക്കുന്നതായി കണ്ടു. വളരെ സുന്ദരരായ രണ്ട് ആൺകുട്ടികൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ട്. ഞാൻ അവരുടെ അടുക്കൽ ചെന്നപ്പോൾ ആ സാത്വികർ എന്റെ പേര് വിളിച്ച് പറഞ്ഞു, ഞങ്ങൾ വളരെ നേരമായി പ്രതീക്ഷിക്കുകയായിരുന്നു. ഞാൻ പറഞ്ഞു, ഞാൻ വരാൻ തയ്യാറായിരുന്നു. എന്നാൽ ജോലികാരണം ഒഴിവ് ലഭിച്ചില്ല. ഇപ്പോൾ ഒഴിവ് ലഭിച്ചപ്പോൾ സന്നിഹിതനായിരിക്കുകയാണ്. പിന്നീട് ഞാൻ അടുത്ത മുറിയിലേക്ക് പ്രവേശിച്ചപ്പോൾ അവിടെ ഒരു വ്യക്തി പച്ച വസ്ത്രമണിഞ്ഞ് കസേരയിൽ ഇരിക്കുന്നതായി കണ്ടു. മുന്നിൽ ഒരു മേശയിൽ വിശുദ്ധ ഖുർആൻ വെച്ച് പാരായണം ചെയ്തു കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ നിറം പച്ചയാണ്. ഞാൻ അദ്ദേഹത്തിന്റെ മുന്നിൽ നിന്നു. അപ്പോൾ അദ്ദേഹം എന്റെ പേര് എടുത്തുകൊണ്ട് പറഞ്ഞു, നാം നിങ്ങളെ വളരെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ആ വ്യക്തി സ്നേഹത്തോടെ എന്നെ ശരീരത്തോട് അടുപ്പിച്ച് കൊണ്ട് ചോദിച്ചു, നിങ്ങൾ വിശുദ്ധഖുർആൻ പഠിച്ചിട്ടുണ്ടോ? ഞാൻ പറഞ്ഞു. ഞാൻ ഏഴ് ജുസൂഅ് പഠിച്ചിട്ടുണ്ട്. ബാക്കി ഞാൻ സ്വയം വായിക്കും. പിന്നീട് അദ്ദേഹം വിശുദ്ധഖുർആൻ തുറന്ന് എന്നോട് പറഞ്ഞു. കേൾപ്പിക്കുക. വിശുദ്ധഖുർആൻ തുറന്നപ്പോൾ എന്റെ മുന്നിൽ വന്ന ആദ്യ ആയത്ത് تِلْكَ الرُّسُلُ ആയിരുന്നു. ആ വ്യക്തിയുടെ നാവിലും تِلْكَ الرُّسُلُ തന്നെയായിരുന്നു. അതായത് ഇതാണ് ആ റസൂൽ. അപ്പോൾ ആ വ്യക്തി പറഞ്ഞു, ഇനി ഞാൻ പോകുന്നു. അങ്ങിനെ അയാൾ എന്റെ ദൃഷ്ടിയിൽ നിന്നും അപ്രത്യക്ഷനായി. ഈ വ്യക്തി ആരാണെന്നതിൽ ഞാൻ ആശ്ചര്യവാനായിരുന്നു. അപ്പോൾ അദൃശ്യതയിൽ നിന്നും ആരോ ഇത് ഹിള്ർ (അ) ആണെന്ന് പറയുന്നതായി എനിക്കനുഭവപ്പെട്ടു. കുട്ടികൾ ഹദ്റത്ത് ഇമാം ഹുസൈൻ (റ) ഉം, ഇമാം ഹസൻ (റ) ഉം ആകുന്നു. പിന്നീട് ഞാൻ ഉണർന്നു. അടുത്ത രണ്ട് മൂന്ന് ദിവസം ഈ സ്വപ്നം എന്നെ അസ്വസ്ഥനാക്കി. ഇതിനെ സംബന്ധിച്ച് ആരോട് ചോദിച്ചാലും മറുപടിയില്ലായിരുന്നു. അതിന് 8 വർഷങ്ങൾക്ക് ശേഷം ഞാൻ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ ബയ്അത്ത് ചെയ്തപ്പോൾ എന്റെ സ്വപ്നം പൂർത്തിയായി. സ്വപ്നത്തിൽ ഹിള്ർ(അ)ന്റെ രൂപത്തിൽ ഞാൻ കണ്ട വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ്(അ) ആയിരുന്നു. اَلْحَمْدُلِلّٰہِ ഞാനെന്റെ കണ്ണുകൊണ്ട് കണ്ടു. ഹുസൂർ യഥാർത്ഥത്തിൽ ഈ കാലഘട്ടത്തിലെ നബി തന്നെയായിരുന്നു.

ഹദ്റത് മിസ്തിരി ദീൻ മുഹമ്മദ് സഹിബ് പറയുന്നു,

വൈകുന്നേരം എന്റെ ഹൃദയത്തിൽ തോന്നി, ആദ്യം ബയ്അത്ത് ചെയ്തവരുടെ പേര് റജിസ്ട്രറിൽ രേഖപ്പെടുത്തിയിട്ടുണ്ട്, എന്റെ പേരില്ല. രാത്രി ഞാൻ സ്വപ്നം കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇരിക്കുന്നു. കയ്യിൽ പേനയുണ്ട്. വലതു തുടയിൽ രജിസ്ട്രറുണ്ട്. താങ്കളുടെ പേരെന്താണ്, എന്താണ് ജോലി എന്ന് ഹുസൂർ (അ) ചോദിച്ചു. ഞാൻ പറഞ്ഞു, മിസ്ത്രി ദീൻ മുഹമ്മദ്. ജോലി കൊല്ലപ്പണി. പറയുന്നു, ളുഹറിന്റെ സമയത്ത് ഞാനീ സ്വപ്നം ഹുസൂറിനെ കേൾപ്പിച്ചു. ഹുസൂർ പറഞ്ഞു, നിങ്ങളുടെ പേര് എഴുതപ്പെട്ടിരിക്കുന്നു. പറയുന്നു, അന്നേരം മൗലവി അബ്ദുൽ കരീം സാഹിബും, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലും, മൗലവി മുഹമ്മദലിയും അവിടെ ഉണ്ടായിരുന്നു. മൗലവി മുഹമ്മദലി പറയുന്നു, എന്റെ പേരും എവിടെയും എഴുതിയിട്ടില്ല. അതിന് ഹുസൂർ ഒരു മറുപടിയും പറഞ്ഞിട്ടില്ല.

ഹദ്റത്ത് അമീർ ഖാൻ സാഹിബ് പറയുന്നു, 1904 ൽ എനിക്ക് സ്വപ്നത്തിൽ ഒരു വയൽ കാണിച്ചു തന്നു. അതിന്റെ ചുറ്റും ഒരു ചാൺ അകലത്തിൽ വലിയ മരങ്ങളുടെ വേലിയുണ്ടായിരുന്നു. വയലിനടുത്തേക്ക് കടക്കാൻ ഒരു കവാടം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ വയലിൽ വളരെ മനോഹരമായി തഴച്ചു വളർന്ന പച്ചളിപ്പുള്ള പാടമുണ്ടായിരുന്നു. വയലിന് പുറത്ത് നിന്ന് ഒരു കാള മരങ്ങൾക്കിടയിലൂടെ ഈ കൃഷി കണ്ടു. മരങ്ങൾക്കിടയിലുള്ള ഭാഗത്തുകൂടെ അത് തിന്നുവാൻ ശ്രമിക്കുന്നുണ്ടായിരുന്നു. എന്നാൽ എല്ലാ ഭാഗത്തു നിന്നും അത് പരാജയപ്പെട്ടു. അകത്തേക്കുള്ള കവാടത്തിൽ അത് പ്രവേശിക്കുന്നുണ്ടായിരുന്നില്ല. പറയുന്നു, സ്വപ്നത്തിൽ ഈ ദൃശ്യം കണ്ടപ്പോൾ മനസ്സിലായത്, നോക്കുക, എപ്രകാരം ഈ കാള വാതിലന്വേഷിക്കാതെ തന്റെ ഉദ്ദേശ്യത്തിൽ വിജയിക്കില്ലയോ, അപ്രകാരം അല്ലാഹുവിനെ പ്രാപിക്കുവാനായി ഹദ്റത്ത് മസീഹ് മൗഊദ് (അ) കവാടത്തിന്റെ സ്ഥാനത്താണ്. ഏതു വരെ ഒരു മനുഷ്യൻ ഈ കവാടത്തിലൂടെ പ്രവേശിക്കുന്നില്ലയോ ദൈവത്തെ പ്രാപിക്കാൻ സാധിക്കില്ല. കാരണം ഇക്കാലഘട്ടത്തിലെ ഇമാമായി അല്ലാഹു അദ്ദേഹത്തെയാണ് നബി (സ) തിരുമേനിയുടെ ദാസത്വത്തിൽ നിയമിച്ചിരിക്കുന്നത്.

ഹദ്റത്ത് അമീർ ഖാൻ സാഹിബ് പറയുന്നു, ഒരിക്കൽ ഞാൻ സ്വപ്നത്തിൽ അതിഥി മന്ദിരത്തിലെ സേവകനായ ശേഖ് ഹാമിദ് അലി സാഹിബിനെ കണ്ടു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പഴയ സേവകനുമാണ്. അദ്ദേഹം അറേബ്യയിലെ ഉണങ്ങിയ കാരക്ക അതിഥികൾക്കായി വിതരണം ചെയ്യാനായി ഒരു പാത്രത്തിൽ വച്ച് നിൽകുകയാണ്. അത് ഒരു വെളുത്ത തുണികൊണ്ട് മറച്ചിരിക്കുകയാണ്. അത് അദ്ദേഹം വിതരണം ചെയ്യാൻ തുടങ്ങിയപ്പോൾ കാരക്ക മനോഹരമായ നിറത്തിലും പുതിയതും മാധുര്യമേറിയതുമായിരുന്നു. ഇത് അറേബ്യയിലെ ഉണങ്ങിയ കാരക്കയാണ്, അതിനെ പുതിയതാക്കി നിങ്ങൾക്ക് നൽകുകയാണ് എന്ന് പറയുന്നുമുണ്ട്. അതായത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) മുഖേന പുനരുദ്ധാരണം നടത്തി.

ഹദ്റത്ത് അമീർ ഖാൻ സാഹിബ് പറയുന്നു, 1911 ജനുവരി 19 ന് ഞാൻ സ്വപ്നത്തിൽ ഒരു സിഖ് യുവാവിനെ കണ്ടു. അവനെ പേൻ പൊതിഞ്ഞിരിക്കുകയായിരുന്നു. അതിനെ ജനങ്ങൾ മന്ത്രങ്ങൾ മുഖേന എടുത്തു മാറ്റുന്നുണ്ടായിരുന്നു. അതിനെ മാറ്റുന്നതിനായി മന്ത്രതന്ത്രങ്ങൾ ചെയ്യുന്നുണ്ടായിരുന്നു. ആളിക്കത്തുന്ന തീ അടുപ്പിച്ച് അതിനെ ഭയപ്പെടുത്തുന്നുണ്ടായിരുന്നു. ഭയന്ന് പോകട്ടെ എന്ന് കരുതി. എന്നാൽ അത് പോകുന്നുണ്ടായിരുന്നില്ല. അപ്പോൾ സ്വപ്നത്തിൽ തന്നെ എനിക്കതിന്റെ ചികിത്സ മനസ്സിലാക്കിത്തന്നു. ഒരു വെളുത്ത കടലാസ്സെടുത്ത് അതിൽ ജിന്നിന്റെ രൂപം ഉണ്ടാക്കുക. എന്നിട്ട് قُلْ اَعُوْذُ بِرَبِّ النَّاسِ ഓതി അതു മുഖേന ജിന്നിന്റെ രൂപത്തിൽ വരകൾ വരച്ച് ജിന്നിന്റെ രൂപത്തെ മുറിക്കുക. അങ്ങനെ വീണ്ടും വീണ്ടും قُلْ اَعُوْذُ بِرَبِّ النَّاسِ ഉരുവിട്ടുകൊണ്ട് രൂപം ഉണ്ടാക്കുമ്പോൾ ജിന്ന് അകന്ന് പോകും. അങ്ങിനെ ഞാൻ സ്വപ്നത്തിൽ ആ രീതി അവലംബിച്ചു. അങ്ങിനെ ജിന്ന് തുണ്ടം തുണ്ടമായി. യുവാവ് ആരോഗ്യവാനാകുകയും ചെയ്തു. അവന്റെ പേര് അതാഉല്ലാഹ് എന്ന് വെക്കുകയും ചെയ്തു. ഞാനീ സ്വപ്നത്തിൽ നിന്ന് ഉണർന്നപ്പോൾ ഹദ്റത്ത് അഖ്ദസിന്റെ ഈ പദ്യശകലം ഉരുവിടുന്നുണ്ടായിരുന്നു.

***കലാമെ പാക് യസ്ദാം കാ നഹീം സാനീ കോയി ഹർഗിസ് അഗർ ലുഅ്ലുഎ അമ്മാം ഹെ - വഗർ ലഅലെ ബദഖ്ശാം ഹെ***

ചില രിവായത്തുകളാണ് ഞാൻ നിങ്ങളെ കേൾപ്പിച്ചത്. അല്ലാഹു ഈ സാത്വികരുടെ പദവികൾ ഉയർത്തുമാറാകട്ടെ. വിശ്വാസ ദൃഢത അവരുടെ തലമുറകളിലും നിലനിൽക്കട്ടെ.

നമസ്കാരത്തിനു ശേഷം ഞാൻ രണ്ട് ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഒന്നാമത്തെ ജനാസ ബഹുമാന്യ അബ്ദുൽ മജീദ് ഡോഗർ സാഹിബിന്റെതാണ്. അദ്ദേഹം ഒരു നീണ്ട കാലം റബ്വയിൽ ജീവിതം കഴിച്ചുകൂട്ടി. വ്യവസായ സംബന്ധമായി പുറത്ത് പോകാറുണ്ടായിരിക്കാം. ഏതായാലും കുറച്ചുകാലമായി അദ്ദേഹം സ്വീഡനിലായിരുന്നു. ഡിസംബർ 23 ന് 83 -ാം വയസ്സിൽ അദ്ദേഹം വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ബഹുമാന്യ അബ്ദുൽ മജീദ് ഡോഗർ സാഹിബ് ഹദ്റത്ത് മാസ്റ്റർ ചിറാഗ് മുഹമ്മദ് സാഹിബ് (റ) ഓഫ് ഖാരയുടെ പൗത്രനായിരുന്നു. ഹദ്റത്ത് അമീർ ബഖ്ശ് സാഹിബ് (റ) ന്റെ പൗത്രനുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവും പിതാമഹനും സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മാസ്റ്റർ ചിറാഗ് മുഹമ്മദ് സാഹിബ്, എന്റെ ഓർമ്മ ശരിയാണെങ്കിൽ, എന്റെ പിതാവും എന്നോട് പറഞ്ഞിട്ടുണ്ട് അദ്ദേഹത്തിന്റെ മക്കളിൽ അതിൽ ഭിന്നതയുണ്ട്. എന്റെ ഓർമ്മയിൽ മാസ്റ്റർ ചിറാഗ് മുഹമ്മദ് സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിനെ പഠിപ്പിച്ചിട്ടുണ്ട്. ഇത് ഇപ്പോൾ അദ്ദേഹത്തിന്റെ മക്കളും സാക്ഷ്യപ്പെടുത്തുന്നതാണ്. എന്റെ പിതാവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസും തമ്മിൽ ഒന്നര വയസ്സിന്റെ വ്യത്യാസമാണുണ്ടായിരുന്നത്. അദ്ദേഹവും ഇദ്ദേഹത്തിൽ നിന്ന് പഠിച്ചിരുന്നു എന്നാണ് പറയപ്പെടുന്നത്. ചിലർ പറയുന്നത്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇനെയും പഠിപ്പിച്ചിട്ടുണ്ട് എന്നാണ്. എന്തായാലും ഖാദിയാനടുത്തുള്ള ഖാര എന്ന സ്ഥലവാസിയാണ്. അദ്ദേഹത്തിന്റെ പുത്രനാണ് അബ്ദുൽ മജീദ് ഡോഗർ സാഹിബ്. ഡോഗർ സാഹിബ്

ധാരാളം സവിശേഷ ഗുണങ്ങളുടെ ഉടമസ്ഥനായിരുന്നു. ഖിലാഫത്തുമായി ആത്മാർത്ഥയുടെയും കൂറിന്റെയും ബന്ധ മായിരുന്നു. ഖിലാഫത്തിനെക്കുറിച്ച് പരാമർശിക്കുമ്പോ ഴെല്ലാം തന്നെ അദ്ദേഹത്തിന്റെ കണ്ണുകൾ ഈറനണി യുമായിരുന്നു എന്നാണ് പറയപ്പെടുന്നത്. മുറബ്ബിമാരോടും വഖ്ഫീനെ സിന്ദഗികളോടും വളരെ ആദരവും ബഹുമാന ത്തോടും കൂടിയായിരുന്നു പെരുമാറിയിരുന്നത്. ഖിലാഫത്തി നോടുള്ള അനുരക്തിയിൽ അദ്ദേഹത്തിന്റെ കണ്ണിൽ സ്നേ ഹം നിഴലിക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. വളരെ ലളിതവും വിനയാന്വിതനുമായിരുന്നു. സാമ്പത്തിക ത്യാഗത്തിൽ മുന്നേ റുന്ന വ്യക്തിയുമായിരുന്നു. നമസ്കാരത്തിൽ കൃത്യനിഷ്ഠയു ള്ളതും, തഹജ്ജുദ് നമസ്കരിക്കുന്ന വ്യക്തിയും, ധാരാളം ദുആ ചെയ്യുന്ന പ്രകൃതക്കാരനുമായിരുന്നു. സൽഗുണ സമ്പ ന്നനായിരുന്നു. തബ്‌ലീഗിന് വളരെ ആവേശമായിരുന്നു. തബ് ലീഗിന്റെ ഒരവസരവും കൈവിട്ടിരുന്നില്ല. തഖ്‌വയിൽ ചരി ക്കുന്നവരുടെ ഒരു ലക്ഷണമാണിത്. തബ്‌ലീഗിനെ സംബ ന്ധിച്ച് പറയുന്നു, സ്വീഡനിലെ രാജാവിനും, അമേരിക്കൻ പ്രസിഡൻ് ഒബാമയ്ക്കും, പോപ്പിനും അദ്ദേഹം കത്തെഴു തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥമായ ഇസ്‌ലാമിക തത്വജ്ഞാനവും അയച്ചുകൊടുത്തിരുന്നു. രോഗാവസ്ഥയിൽ ആശുപത്രിയിൽ കിടന്നപ്പോഴും എല്ലാ ഡോക്ടർമാർക്കും ഇസ്‌ലാമിക തത്വജ്ഞാനം നൽകി യിരുന്നു. ആർക്കെങ്കിലും സാഹിത്യങ്ങൾ നൽകുമ്പോൾ തീർച്ചയായും വായിക്കുന്നതാണ് എന്ന വാഗ്ദാനവും വാങ്ങി യിരുന്നു. 2005 ൽ ഞാൻ വസിയ്യത്തിനായി ആഹ്വാനം നട ത്തുകയും പിന്നീട് സ്വീഡനിൽ പോവുകയും ചെയ്തപ്പോൾ, അന്നേരം വരെ അദ്ദേഹം വസിയ്യത്ത് ചെയ്തിട്ടുണ്ടായി രുന്നില്ല. ഗോഡർ കുടുംബം മുഴുവൻ കഴിവുള്ളവരാണ്. എല്ലാവരും വസിയ്യത്ത് ചെയ്യേണ്ടതാണ് എന്നു ഞാൻ പറഞ്ഞു. എനിക്കോർമ്മയില്ല, ഇദ്ദേഹത്തിന്റെ സഹോദരനും മക്കളും എന്നെ ഓർമ്മപ്പെടുത്തുകയായിരുന്നു, അന്നേരം ഞാൻ പറഞ്ഞത്, ഡോഗർമാരെ ഞാൻ വിടില്ല. എല്ലാവ രെയും വസിയ്യത്ത് ചെയ്യിക്കുന്നതാണ് എന്നായിരുന്നു. ഏതായാലും അപ്പോളവർ മുഴുവൻ കുടുംബത്തെയും ഒരുമിച്ച് കൂട്ടുകയും എല്ലവരും വസിയ്യത്ത് ചെയ്യുകയും ചെയ്തു. പിന്നീട് ഞങ്ങളോടും ഞങ്ങളുടെ സന്താനങ്ങ ളോടും വസിയ്യത്ത് ചെയ്യിപ്പിച്ചുകൊണ്ട് വലിയ ഔദാര്യ മാണ് കാണിച്ചത് എന്ന് പറയുമായിരുന്നു.

സ്വീഡനിലെ മുബല്ലിഗ് ആറയായി സാഹിബ് പറയുന്നു, അനേകം നന്മയുടെ ഉടമയായിരുന്നു. സംസാരത്തിലും പ്രവർ ത്തനത്തിലും ഒരു സഹാബിയുടെ സന്താനമാണെന്ന് തോന്നിപ്പിക്കുമായിരുന്നു. തബ്‌ലീഗിന് അമിതമായ ആവേശ മായിരുന്നു. അദ്ദേഹവുമായി നല്ല ബന്ധമായിരുന്നു. വിത രണം ചെയ്യാൻ ബ്രോഷർ നൽകിയപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതിനായി അതെപ്പോഴും കൂടെ കരു തുമായിരുന്നു. സമയം പാഴാക്കില്ലായിരുന്നു. ലൈബ്രേറിയിൽ വന്നിരുന്ന് ഗ്രന്ഥങ്ങൾ വായിക്കുമായിരുന്നു. മുറബ്ബി സാഹിബ് പറയുന്നു, പലപ്പോഴും ചായ കുടിക്കാനായി പറ യുമ്പോൾ പറയും, ഞാൻ റിട്ടയർ ആണ്. സമയം കഴിച്ചു കൂട്ടുകയാണ്. താങ്കളെന്തിനാണ് സമയം പാഴാക്കുന്നത്. മുബല്ലിഗീങ്ങളുടെ സമയം വളരെ വിലപ്പെട്ടതാണ്. അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്ക് എപ്പോഴും ആത്മാർത്ഥമായ നിലയിൽ ബയ്അത്തിന്റെ നിബന്ധനകൾ പാലിക്കുന്ന തിനുള്ള തൗഫീഖ് നൽകട്ടെ. മർഹൂമിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. കാരുണ്യത്തോടെ വർത്തിക്കട്ടെ.

രണ്ടാമത്തെ ജനാസ ബഹുമാന്യ മലിക്ക് ശഫീഖ് അഹ്മദ് സാഹിബ് ആർക്കിട്ടെക്ടറിന്റേതാണ്. ജനുവരി 6 ന് വെർജീ നിയ ന്യൂജെർസിയിലാണ് വഫാത്തായത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആരോഗ്യവാനായിരുന്നു. ഒരു വിവാഹ ത്തിൽ പങ്കെടുക്കാൻ പോയതായിരുന്നു. വിവാഹത്തിനിട യിൽ മകനോട് പറഞ്ഞു, സമയം ധാരാളമുണ്ട് ആദ്യം നമസ് കരിക്കാം. വുളുവെടുത്ത് പുറത്ത് വന്നപ്പോൾ ഹൃദയാഘാത മുണ്ടായി. അദ്ദേഹത്തിന്റെ മകൻ വാഷ്റൂമിൽ തന്നെയുണ്ടാ യിരുന്നു. പുറത്തിരുന്ന ഒരഹ്മദിയോട് എനിക്ക് സുഖമില്ലാ യെന്ന് പറഞ്ഞു. അദ്ദേഹത്തെ താങ്ങാനായി മുന്നോട്ട് വന്ന പ്പോൾ തന്നെ അദ്ദേഹം താഴെ വീണു. അവിടെ ഒരു ഡോക്ട റുണ്ടായിരുന്നു – കാർഡിയോളജിസ്റ്റ് – ഡോക്ടർ വന്ന് നോ ക്കിയപ്പോൾ ഹൃദയാഘാതമാണെന്ന് മനസ്സിലായി. ആംബു ലൻസും എത്തി. എന്നാൽ ആശുപത്രിയിൽ എത്തിക്കുന്ന തിന് മുമ്പ് തന്നെ അദ്ദേഹം മരിച്ചിരുന്നു. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

സിയാൽകോട്ടുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ കുടുംബ ബന്ധം. അദ്ദേഹത്തിന്റെ പിതാമഹൻ മലക് ദീൻമുഹമ്മദ് സാഹിബ് 1924 ലാണ് ബയ്അത്ത് ചെയ്തത്. അതിനു ശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആത്മാർത്ഥ അഹ്മദി കുടുംബമായിരുന്നു. 1968 ൽ അദ്ദേഹം എഞ്ചിനീ യറിംഗ് പഠിച്ചു. അവിടെ നിന്ന് ബിരുദം കരസ്ഥമാക്കിയ ശേഷം മിനിസ്റ്ററി ഓഫ് ഡിഫൻസിൽ ജോലി ചെയ്തു. പിന്നീട് നാലഞ്ച് വർഷം ലിബിയയിലും ജോലി ചെയ്തു. പിന്നീട് ലാഹോറിൽ എൽ.ഡി.എ. യിൽ ജോലി ചെയ്തി രുന്നു. അവിടുന്ന് വിരമിച്ചതിനു ശേഷം അമേരിക്കയിൽ പോയി. എന്നാൽ ഈ വേളകളിലും അദ്ദേഹം ധാരാളം ജമാ അത്തീ സേവനങ്ങൾ ചെയ്തിരുന്നു. നാലാം ഖിലാഫത്ത് കാലത്ത് തഅ്മീറാത്ത് വിഭാഗം സ്ഥാപിതമായപ്പോൾ അവി ടെയും അദ്ദേഹത്തിന് സേവനത്തിനുള്ള അവസരം ലഭിച്ചു. അതിഥി മന്ദിരത്തിന്റെ വിപുലീകരണം, ലജ്ന ഹാളിന്റെ കെട്ടിട നിർമ്മാണം, മസ്ജിദ് മുബാറക്കിന്റെ വിപുലീകരണം, ദാറുൽ ഖളായുടെ കെട്ടിട നിർമ്മാണം തുടങ്ങിയവയിൽ അദ്ദേഹം ധാരാളം സേവനം ചെയ്തിട്ടുണ്ട്. 2001 ൽ ഖലീഫ റാബിഅ് മസ്ജിദ് ബൈത്തുൽ ഫുത്തൂഹിൽ ചില മാറ്റങ്ങൾ വരുത്തിയപ്പോൾ അദ്ദേഹത്തെ ഇവിടേക്ക് വിളിപ്പിക്കുകയും അഭിപ്രായം ആരായുകയും ചെയ്തിരുന്നു. ഈ പള്ളിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇവിടെ നീണ്ടകാലം തങ്ങു കയും ചെയ്തു. ഇപ്പോൾ ബ്രസീൽ മിഷൻ ഹൗസ്, ഗോയിട്ട മാല മസ്ജിദ്, ട്രിനിട്രാം മസ്ജിദ് എന്നീ പ്രോജക്ടുകളിൽ വ്യാപൃതനായിരുന്നു. അങ്ങേയറ്റം വഖ്ഫിന്റെ ആത്മാവോടു കൂടി പണിയെടുക്കുമായിരുന്നു. ആദ്യം വഖ്ഫായിരുന്നില്ല. എന്നാൽ റിട്ടയർമെന്റിനു ശേഷം സ്വയം തന്നെ പരിപൂർ ണ്ണമായും ജമാഅത്തീ സേവനത്തിനായി സമർപ്പിക്കുകയു ണ്ടായി. 2010 ൽ വെടിവെപ്പുണ്ടായ മസ്ജിദ് നൂർ മോഡൽ ടൗണിന്റെ വിപുലീകരണത്തിലും അദ്ദേഹം പങ്കെടുത്തി

രുന്നു. സാധു സംരക്ഷകനും, ധീരനും, ജമാഅത്തീ പ്രവർത്തനങ്ങളിൽ ഉടൻ ലബ്ബൈക്ക് പറയുന്ന വ്യക്തിയുമായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു, ജമാഅത്തിനും ഖലീഫമാർക്കും എതിരായി ഒരു വാക്കും സഹിക്കില്ലായിരുന്നു. അതിനെ കഠിനമായി വെറുത്തിരുന്നു. തഹജ്ജുദും ഖുർആൻ പാരായണത്തോടുമായിരുന്നു ദിവസം ആരംഭിക്കുന്നത്. അതിൽ വളരെ ആനന്ദം അനുഭവിച്ചിരുന്നു. അധികവും രാത്രിയിൽ ജമാഅത്തിന്റെ ഏതെങ്കിലും ഗ്രന്ഥം വായിച്ചുകൊണ്ടായിരുന്നു ഉറങ്ങിയിരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ ധാരാളം കാര്യങ്ങൾ അദ്ദേഹത്തെ സംബന്ധിച്ച് എഴുതിയിട്ടുണ്ട്. റബ്‌വയിലെ എഞ്ചിനീയറിങ്ങ് സെക്ഷന്റെ ജനറൽ സിക്രട്ടറിയും വഖ്ഫെ സിന്ദഗിയുമായ ശേഖ് ഹാരിസ് സാഹിബ് അദ്ദേഹത്തെ സംബന്ധിച്ച് എഴുതുന്നു, വളരെ ആത്മാർത്ഥതയോടെ ജോലി ചെയ്തിരുന്നു. റബ്‌വയിൽ അദ്ദേഹത്തെക്കൊണ്ട് ഞാനും ചില ജോലി ചെയ്യിപ്പിച്ചിരുന്നു. സർക്കാർ ജോലി ഉണ്ടായിരുന്നിട്ട് പോലും വിളിക്കുമ്പോൾ വളരെ ശ്രദ്ധയോടും പരിശ്രമത്തോടുകൂടി പണിയെടുക്കുമായിരുന്നു. ബ്രസീലിലെ മുബല്ലിഗിനോടൊപ്പം ഈ സമയത്ത് പ്രവർത്തിക്കുകയായിരുന്നു. അദ്ദേഹം എഴുതിയിരിക്കുന്നത്, അത്ഭുതകരമായ രീതിയിൽ പരിശ്രമത്തോടും ആത്മാർത്ഥതയോടും കൂടി ജോലി ചെയ്യുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ തലമുറയെയും ഖിലാഫത്തുമായും ജമാഅത്തുമായും ബന്ധപ്പെടുത്തി നിർത്തട്ടെ.

## PRINTED BOOKS

**To**


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**



KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 January 11 at : Baitul Futuh London
Translation: T.M.Abdul Mujeeb,Kakkanad - 09946794987

Typing: Nasarudheet.A.T, Tahir Ahmad & Semiyya
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**